**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല - തവനൂർ മഹിളാ മന്ദിരം താമസക്കാരുടെ വിവാഹം - ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ധനസഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 204/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 22/01/2018

---

പരാമർശം:- തവനൂർ മഹിളാ മന്ദിരം സൂപ്രണ്ടിന്റെ 01/2018 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തവനൂർ മഹിളാ മന്ദിരത്തിലെ താമസക്കാരായ കല്യാണി, സുഗന്ധി എന്നിവരുടെ വിവാഹം 03/02/2018 ശനിയാഴ്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നും വിവാഹം മംഗളകരമായി നടത്തുന്നതിനുവേണ്ടി മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉൾപ്പടെയുള്ള എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 25000/- ൽ അധികരിക്കാത്ത സംഖ്യ സംഭാവന നൽകണമെന്നും പരാമർശ കത്ത് പ്രകാരം തവനൂർ മഹിളാ,മന്ദിരം സൂപ്രണ്ട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തവനൂർ മഹിളാ മന്ദിരത്തിലെ താമസക്കാരായ കല്യാണി, സുഗന്ധി എന്നിവരുടെ വിവാഹം മംഗളകരമായി നടത്തുന്നതിന് കുറ്റിപ്പുറം, എടപ്പാൾ, കാലടി, വട്ടംകുളം, തവനൂർ, തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 10,000/-(പതിനായിരം) രൂപ വീതം സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
സൂപ്രണ്ട്, മഹിളാ മന്ദിരം, തവനൂർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.